II ഇ.ബി. XIII- കേരള നിയമസഭ/V-14

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2012 ജൂൺ 28, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

**44 (*391)** റേഷൻ സാധനങ്ങളുടെ ഗുണനിലവാരം

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ജില്ലാതല ഓഫീസുകളിലെ ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന ഉറപ്പുവരുത്തുന്നുണ്ടെന്നും ഗുണനിലവാരമുളള ഭക്ഷ്യധാന്യങ്ങൾ മാത്രം വിതരണത്തിനായി തെരഞ്ഞെടുക്കാൻ ജില്ലാ സപ്ലൈ ഓഫീസർമാരെ അധികാരപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൃഷി/സിവിൽ സപ്ലൈസ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധിച്ചശേഷമാണ് മില്ലുകളിൽ നിന്ന് അരി വിതരണം ചെയ്യുന്നത്. കോന്നി ഇൻസ്റ്റിറ്റ്യൂട്ടിലാണ് ഭക്ഷ്യധാന്യങ്ങളുടെ ബയോളജിക്കൽ ടെസ്റ്റ് നടത്തിവരുന്നത്; ജില്ലാതലത്തിൽ ഇതിനായി ലബോറട്ടറികൾ ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്.

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ആട്ടയുടെ ഗുണനിലവാരം പരിശോധിക്കുന്നതാണ്. സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി ഗുണനിലവാരമുളള അരി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനായി കൊണ്ടുപോകുന്ന വാഹനങ്ങളിൽ ആധുനിക വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. വെളളയിൽ ഗോഡൗണിൽ കൃത്യമായ അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് ഡി.എസ്.ഒ.-മാരുടെയും ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരുടെയും ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും റേഷൻ കടക്കാർക്കുളള കമ്മീഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണെന്നും മൊത്തവ്യാപാര സ്ഥാപനങ്ങളിൽ ഇലക്ട്രോണിക് ത്രാസ് നിർബന്ധിതമാക്കുമെന്നും താലൂക്ക് സപ്ലൈ ഓഫീസുകൾ പുന:സംവിധാനം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

45 (*392) <u>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഇളവ്</u>

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ആക്ടിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരികയാണെന്നും നിയമത്തിൽ ഇളവ് വരുത്താൻ ഉദ്ദേശിക്കുന്നില്ലെന്നും സഭയെ അറിയിച്ചു. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നെൽവയൽ സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ നയമെന്നും അനധികൃത നിലംനികത്തലിനെതിരെ കേസ്സെടുക്കുന്നുണ്ടെന്നും പാലക്കാട് ജില്ലയിൽ 522 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നികത്തിയ 5 പാടശേഖരങ്ങൾ പൂർവ്വസ്ഥിതി

യിലാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടെന്നും പൊതുതാല്പര്യത്തിനായി നെൽവയൽ നികത്തുന്നതിന് അനുവാദം നൽകുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ഈ സർക്കാർ അധികാരമേറ്റശേഷം ആറന്മുള എയർപോർട്ടിനുവേണ്ടി നിലംനികത്തിയിട്ടില്ലെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

46 (*393) <u>വെട്ടിക്കുറച്ച റേഷൻ പുന:സ്ഥാപിക്കുന്നതിന് സർവ്വകക്ഷി സംഘം</u>

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വെട്ടിക്കുറച്ച റേഷൻ വിഹിതം പുന:സ്ഥാപിക്കണമെന്ന സംസ്ഥാനത്തിന്റെ അഭ്യർത്ഥനയുടെ ഫലമായി 2012 ഏപ്രിൽ–ജൂൺ ത്രൈമാസത്തേയ്ക്ക് 5004 കിലോ ലിറ്റർ മണ്ണെണ്ണ അധികമായി അനുവദിച്ചിട്ടുണ്ടെന്നും ബി.പി.എൽ. വിഭാഗത്തിന് ഈ വർഷം 1,20,000 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളുടെ അഡ്ഹോക് അലോട്ട്മെന്റ് ലഭ്യമാക്കിയിട്ടുണ്ടെന്നും അരിയുടെ അധികവിഹിതം ഉടനടി ലഭിക്കുമെന്നും സഭയെ അറിയിച്ചു. എൽ.പി.ജി./ഇലക്ട്രിക് കണക്ഷനുകൾക്ക് ആനുപാതികമായാണ് മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുന്നത്. ഗോഡൗണുകളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ യഥാസമയം വിതരണത്തിനായി കൊണ്ടുപോകുന്നുണ്ടെന്നും ഗോഡൗണുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും കൊച്ചി, കോഴിക്കോട് മേഖലകൾക്കായി 25000 ടൺ സംഭരണശേഷിയുള്ള ആധുനിക സംവിധാനമുള്ള രണ്ട് സൈലോസുകൾ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അനർഹരായവരുടെ കൈവശമുള്ള

ബി.പി.എൽ. കാർഡുകൾ സറണ്ടർ ചെയ്യുന്നതിനായി 30–06–2012 വരെ സമയപരിധി നൽകിയിട്ടുണ്ടെന്നും അതിനുശേഷവും കാർഡുകൾ കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവ ക്യാൻസൽ ചെയ്യുന്നതാണെന്നും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുവിപണിയിൽ ഇടപെട്ടിട്ടുണ്ടെന്നും കൺസ്യൂമർഫെഡും സപ്ലൈകോയും ഓണച്ചന്തകൾ നേരത്തെ ആരംഭിച്ച് ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ഭക്ഷ്യധാന്യങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും ബി.പി.എൽ. നിരക്കിൽ 1,69,000 ടൺ അരി അധികമായി നൽകുന്നതിനും കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും എ.പി.എൽ. ക്വാട്ടയിലെ അരി വിഹിതം 15 കിലോഗ്രാമാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും തമിഴ്നാട്ടിൽനിന്നുള്ള അലോട്ട്മെന്റിൽ ജയ അരി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കേണ്ട ആവശ്യമില്ലെന്നും പുതിയതായി എന്തെങ്കിലും നിർദ്ദേശം ഇരുഭാഗത്തുനിന്നും ഉണ്ടെങ്കിൽ അവ പരിശോധിക്കുന്നതാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

47 (*394) <u>സഞ്ചയിക സമ്പാദ്യ പദ്ധതി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, കേരളത്തിലെ സ്കൂളുകളിൽ 2004-വരെ നിലവിലിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സഞ്ചയിക സമ്പാദ്യ പദ്ധതി ഇപ്പോൾ നിലവിലില്ലെന്ന് സഭയെ അറിയിച്ചു. ദേശീയ സമ്പാദ്യ വകുപ്പിന്റെ സഹകരണമില്ലായ്മയുടെയും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവ

രുടെ ഇൻസെന്റീവ് നിർത്തലാക്കിയതിന്റെയും ഫലമായിട്ടാണ് പ്രസ്തുത പദ്ധതി നിലച്ചുപോയത്. സ്കൂൾ സഹകരണസംഘങ്ങൾ മുഖാന്തിരം വിദ്യാർത്ഥികളുടെ സമ്പാദ്യം സ്വരൂപിക്കുന്ന പദ്ധതികളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. സഞ്ചയിക സമ്പാദ്യ പദ്ധതി പുനഃസ്ഥാപിക്കണമെങ്കിൽ കേന്ദ്രസർക്കാരുമായി ബന്ധപ്പെടേണ്ടതുണ്ടെന്നും സ്കൂൾ വിദ്യാർത്ഥികൾക്കായി ഇൻഷ്വറൻസ് പദ്ധതികൾ നിലവിലുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

നക്ഷത്രചിഹ്നമിട്ട 395 മുതൽ 420 വരെയുള്ള ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4194 മുതൽ 4523 വരെയുള്ള ചോദ്യങ്ങളിൽ 134 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)